# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 286

20.06.2018 — ൽ മറുപടിക്ക്

## റേഷൻ കടകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.സത്യൻ<br>,, എ. പ്രദീപ്കുമാർ<br>,, സി. കെ. ശശീന്ദ്രൻ<br>പ്രൊഫ.കെ.യു. അരുണൻ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളുടെ നവീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വില വിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കി വൈവിധ്യവത്ക്കരണം നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചു വരുന്നു. |
| (ബി) റേഷൻ കടകൾ വഴി മുടങ്ങിക്കിടന്നിരുന്ന ആട്ട വിതരണം പുന:സ്ഥാപിച്ചിട്ടുണ്ടോ; | (ബി) നിലവിൽ റേഷൻ കടകൾ വഴിയുള്ള ആട്ട വിതരണത്തിന് തടസ്സങ്ങൾ ഒന്നും തന്നെയില്ല. |
| (സി) ആട്ടയ്ക്ക് പുറമേ മറ്റേതെല്ലാം ഇനങ്ങൾ കൂടി റേഷൻ കടകളിൽക്കൂടി വിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) റേഷൻകടകൾ വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ സബ്സിഡി ഇതര / നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; | (ഡി) | റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കാനറാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ച് വരുന്നു. |
| (ഇ) | പൊതുവിതരണമേഖലയ്ക്കാവശ്യമായ ഇന്റർമീഡിയറി ഗോഡൗണുകൾ റവന്യൂവകുപ്പിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഇ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഇന്റർമീഡിയറി ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ എന്ന സ്ഥലത്ത് 1.54 ഏക്കർ ഗോഡൗൺ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**